


മംഗളവാർത്താക്കാലം

(രണ്ടാം ഞായർ)


# എമ്മാവൂസ് വചനദൂത്

## യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള അറിയിപ്പ്


സംഖ്യ 22:20 - 35, കൊളോ. 4:2 - 6, ലൂക്കാ. 1:26 - 38 (Vol. 9, Issue 30)



ബ്ര. എബിൻ ജോസഫ് പല്ലാട്ട് MCBS


ദൂതുമായി ജീവിതത്തിന്റെ പടവുകൾ കയറി വരുന്ന ദൂതന്മാരെ ഒരുപാട് വിസ്മയത്തോടും ആകാംക്ഷയോടും കൂടെ കാത്തിരുന്നിട്ടുള്ളവരാണ് നാമെല്ലാവരും. ചില സന്ദേശങ്ങൾ സ്വപ്നം പോലും കാണാത്തയത്ര സന്തോഷം ജീവിതത്തിൽ നിറയ്ക്കുമ്പോൾ, ചിലത് അനിവാര്യമായ ദുഃഖത്തിന്റെ പടുകുഴിയിലേയ്ക്ക് നമ്മെ തള്ളിയിടുന്നു. ജീവിതത്തിൽ സന്തോഷം വിതയ്ക്കുന്നവരെ നാം ദൈവദൂതരെന്ന് വിളിക്കുന്നു. സങ്കടം നിറയ്ക്കുന്നവരെ മരണത്തിന്റെ ദൂതൻ എന്നും. എന്നാൽ ലോകം മുഴുവൻ നൂറ്റാണ്ടുകളായി പ്രതീക്ഷിച്ചിരുന്ന, പ്രാർത്ഥിച്ച് കാത്തിരുന്ന രക്ഷകന്റെ ജനനത്തിന്റെ, ലോകം മുഴുവന്റെയും സ്വാതന്ത്ര്യത്തിന്റെ ദൂതുമായി കടന്നുവന്ന മാലാഖയെ-ദൈവദൂതനെ വചനം വിളിച്ചു ഗബ്രിയേൽ.

പരിശുദ്ധ മറിയത്തെ സംബന്ധിച്ചിടത്തോളം ഇതൊരു സന്തോഷത്തിന്റെ ദൂതല്ലായിരുന്നു. മറിച്ച്, ആശങ്കയുടെയും ആശയക്കുഴപ്പങ്ങളുടെയും ഒരു വാർത്തയായിരുന്നു. അതിന്റെ കാരണങ്ങൾ വി. ലൂക്കാ സുവിശേഷകൻ 27-ാം വാക്യത്തിൽ വ്യക്തമാക്കുന്നുണ്ട്. അവൾ ജോസഫ് എന്ന് പേരായ പുരുഷനുമായി വിവാഹനിശ്ചയം ചെയ്തിരുന്നു. അവൾ കന്യകയായിരുന്നു. പക്ഷെ ദൈവത്തിന്റെ ദൂതനാണ് തന്റെ മുന്നിൽ നിൽക്കുന്നതെന്ന തിരിച്ചറിവിൽ, ദൈവത്തിന്റെ വാക്കുകളാണ് അവൻ ഉച്ചരിച്ചത് എന്ന യാഥാർത്ഥ്യ ബോധത്തിൽ നിന്നുകൊണ്ട് മറിയം ആ ആവശ്യത്തിന് സമ്മതം മൂളുകയാണ്. സ്വർഗ്ഗവും ഭൂമിയും നിശബ്ദതയുടെ നിമിഷങ്ങളിൽ നിന്നും ആഘോഷത്തിന്റെ നാളുകളിലേയ്ക്ക് ചേക്കേറുകയായിരുന്നു ആ ഒരൊറ്റ സമ്മതത്തിലൂടെ.

### സാധ്യതകളുടെ ദൈവം

പഴയനിയമ ഗ്രന്ഥങ്ങളിൽ എവിടെയും പ്ര

തിപാദിക്കപ്പെടാത്ത ഒരു അപ്രധാനമായ സ്ഥല ത്ത് നിന്നും-നസ്രത്തിൽ നിന്നും രക്ഷകൻ വ രികയെന്നത് ഒരു സാധ്യതയെ അല്ലായിരുന്നു. അതുപോലെ തന്നെ കന്യകയിൽ നിന്ന് ഒരു മ നുഷ്യൻ ജന്മമെടുക്കുക എന്നത് കേട്ടുകേൾവി പോലുമില്ലാത്ത ഒന്നാണ്. എന്നാൽ ഈ അസാ ധ്യതയിൽ നിന്നുമാണ് ദൈവം സാധ്യത കണ്ടെ ത്തുന്നത്. ദൈവത്തിന് അസാധ്യമായത് ഒന്നു മില്ലെന്നും ഈ അസ്വാഭാവിക സംഭവങ്ങളിലൂ ടെ ജന്മമെടുക്കുന്നവൻ അസാധാരണത്വം ഉള്ള വനാണെന്നുമാണ് വചനം സ്പഷ്ടമാക്കുന്നത്. ഈ ഭൂമിയിൽ ദൈവത്തിന്റെ മുമ്പിൽ അവഗ ണിക്കപ്പെട്ടവരെന്നോ ചെറിയവരെന്നോ ഒരു ഗ ണമില്ലെന്നും എല്ലാവരും തുല്യരാണെന്നും കൂടി വചനം ഓർമ്മിപ്പിക്കുന്നു.

**സൃഷ്ടിയുടെ സമ്മതത്തിന് കാതോർത്ത സ്രഷ്ടാവ്**

മറിയത്തിന്റെ സമ്മതത്തിന് കാതോർക്കുന്ന, കാത്തിരിക്കുന്ന ഒരു ദൈവത്തെയാണ് നാമിന്ന് വചനത്തിൽ കണ്ടുമുട്ടുന്നത്. അതിന് എളിമ യോടും വിവേകത്തോടും കൂടെ പ്രത്യുത്തരം നൽകിയ മറിയം തന്റെ മാത്രമല്ല ലോകത്തിന്റെ തന്നെ രക്ഷയ്ക്ക് കാരണമായി എന്നതാണ് ചരി ത്രം.

പ്രിയമുള്ളവരെ, ഇപ്രകാരം നമ്മുടെ ജീവി തത്തിലും രക്ഷയുടെ ദൂതുമായി കടന്നുവരുന്ന വർ ഏറെയാണ്. എന്നാൽ ദൈവത്തിൽ നിന്നും വരുന്ന ദൂതുകൾ നാം തിരിച്ചറിയാതെ പോകു ന്നു. പഴയനിയമ വായനയിൽ സംഖ്യയുടെ പു സ്തകത്തിൽ നാം കണ്ട ബാലാമിന്റെ കഴുത യുടെ കഥ ഇത് വ്യക്തമാക്കി തരുന്നു. ദൈവദൂ തുകളെ നാം അവഗണിക്കുമ്പോൾ, തിരിച്ചറി യാതെ പോകുമ്പോൾ നമ്മുടെയും നമ്മുടെ കൂ ടെയുള്ളവരുടെയും രക്ഷയാണ് അപകടത്തിലാ കുന്നത്.

എപ്രകാരം ഈ ദൈവനിയോഗങ്ങളെ തിരി ച്ചറിയുവാൻ കഴിയുമെന്ന് പൗലോസ് ശ്ലീഹാ ഇന്നത്തെ ലേഖനത്തിൽ വ്യക്തമാക്കുന്നുണ്ട്. കോളോ. 4:2-3 വാക്യങ്ങളിൽ ഇപ്രകാരം പറ യുന്നു: "കൃതജ്ഞതാ നിർഭരരായി ഉണർന്നി രുന്ന് നിരന്തരം പ്രാർത്ഥിക്കുവിൻ". മനുഷ്യന്റെ ഇഷ്ടങ്ങളെ മാനിക്കുന്ന, അവനെ തേടി വരുന്ന ദൈവത്തിനെ കണ്ടെത്തുവാനുള്ള മാർഗ്ഗമാ യാണ് പൗലോസ് ശ്ലീഹാ ഇന്ന് നമ്മുടെ മു മ്പിൽ അവതരിപ്പിക്കുന്നത്. അതിനാൽ നിരന്തര പ്രാർത്ഥനയിലൂടെ ദൈവനിയോഗങ്ങളെ തിരി ച്ചറിയുവാനും ദൈവം നൽകുന്ന രക്ഷ മറ്റുള്ള വർക്ക് പകർന്ന് നൽകാനും പരിശ്രമിക്കാം.

**അസ്വസ്ഥമാകുന്ന ലോകം**

ഈ വചനം കേട്ട് അവൾ വളരെ അസ്വസ്ഥ യായി (ലൂക്കാ. 1:29). നാം എന്തുമായിട്ട് ഏറ്റവും ബന്ധപ്പെട്ട് കിടക്കുന്നുവോ അതാണ് നമ്മെ ഏ റ്റവും കൂടുതൽ സ്വാധീനിക്കുന്നത്. നമ്മെ ഏറ്റ വും കൂടുതൽ സ്വാധീനിക്കുന്നതിനാണ് നമ്മെ ഏറ്റവുമധികം ശാന്തമാക്കാനും അസ്വസ്ഥമാ ക്കാനും കഴിയുന്നത്. അത്ര വലിയ സ്ഥാനമാണ് നാമതിന് ജീവിതത്തിൽ നൽകുക. വചനം ശ്ര വിച്ച് മറിയം അസ്വസ്ഥമാകുന്നത് അതിനാലാ ണ്. കാരണം, വചനത്തോട് ഏറ്റവും അടുത്ത് വസിച്ച വ്യക്തിയാണവൾ. മറ്റൊരാളും വചന ത്തോട് ഇത്ര തുറവി കാണിച്ചിട്ടുണ്ടാവില്ല.

എന്നാൽ ഇന്നത്തെ ലോകം പല സ്വാധീന ങ്ങളിൽ വലയപ്പെട്ട് അസ്വസ്ഥമാണ്. വചനവും ദൈവവുമൊന്നും ഒരു സംസാരവിഷയമേ അല്ല. അതിനാൽ സമൂഹത്തിൽ നടക്കുന്ന മാറ്റങ്ങൾ അവരെ അസ്വസ്ഥതപ്പെടുത്തുന്നു. പണത്തോ ടും സമ്പത്തിനോടുമുള്ള ബന്ധം അതിന്റെ സ്വാ ധീനം മനുഷ്യനെ അസ്വസ്ഥനാക്കുക മാത്രമല്ല തകർത്തു കളയുകയും ചെയ്യുന്നു. എന്നാൽ വ ചനം നൽകുന്ന അസ്വസ്ഥത നമ്മെ വളർത്തു ന്നു.

അതിനാൽ ഈ ക്രിസ്മസിനായി നമുക്ക് ഒരു ങ്ങാം. നമ്മുടെ ജീവിതത്തിൽ എല്ലാവരെയും തുല്യരായി സ്നേഹിച്ചു കൊണ്ട് എല്ലാറ്റിനും ദൈവതിരുമുമ്പിൽ വിലയുണ്ടെന്ന് മനസ്സിലാ ക്കിക്കൊണ്ട്, അസാധ്യമെന്ന വാക്ക് ദൈവത്തി ന് ഇല്ലെന്ന തിരിച്ചറിവിൽ നിന്നുകൊണ്ട് നമ്മെ ഏൽപ്പിച്ചിരിക്കുന്ന ദൈവനിയോഗങ്ങളെ തിരി ച്ചറിയുവാനും അത് ഭംഗിയായി നിറവേറ്റാനു മുള്ള കൃപയ്ക്കായി പ്രാർത്ഥിച്ചു കൊണ്ട്.. ഇപ്ര കാരമെല്ലാം ജീവിക്കുവാനായി കൃപ ലഭിക്കു ന്നതിനായി നാം ചെയ്യുന്ന എല്ലാ ത്യാഗപ്രവൃ ത്തികളെയും സമർപ്പിക്കാം. വചനത്തോട് തു റന്ന മനസ്സുള്ളവരാകാനും വചനം വായിച്ച് അ തിനോട് ആഭിമുഖ്യവും അടുപ്പവുമുള്ളവരായി തീരുന്നതിനുമായി പരിശ്രമിക്കാം. വചനം ന മ്മിലും മാംസം ധരിക്കട്ടെ.